**പതിനാലാം കേരള നിയമസഭ**
**15-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *330** **20.06.2019-ൽ മറുപടിയ്ക്ക്**

**പാരിസ്ഥിതികാവബോധം വളർത്താൻ നടത്തുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ. രാജു എബ്രഹാം<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.എസ്.രാജേന്ദ്രൻ : | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| (എ) കാലാവസ്ഥാവ്യതിയാനം കൊടും വരൾച്ചയായും തീവ്രപ്രളയമായും കേരളീയ സാമൂഹ്യ ജീവിതത്തിന്റെ മേലും സാമ്പത്തിക സ്ഥിതിയിലും കനത്ത ആഘാതങ്ങൾ തുടർച്ചയായി ഏല്പിക്കുന്ന സാഹചര്യത്തിൽ പരിസ്ഥിതി സംബന്ധിച്ച ഗവേഷണവും പരിസ്ഥിതി പരിപാലന പദ്ധതികളും ഏകോപിപ്പിക്കുന്നതിനായി പരിസ്ഥിതി വകുപ്പിനെ ശാക്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) Rebuild Kerala Development Programme (RKDP) ന്റെ ഭാഗമായി പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റിനെ ശക്തിപ്പെടുത്തുന്നതിനുവേണ്ട നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) വികസന പ്രവർത്തനങ്ങളുടെ ഫലമായി ഉണ്ടാകാനിടയുള്ള പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ പരമാവധി ലഘൂകരിക്കുന്നതിന് നടത്തിവരുന്ന ഇടപെടലുകൾ | (ബി) സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി (SEIAA)- യിൽ പാരിസ്ഥിതികാനുമതിയ്ക്കായി ലഭിക്കുന്ന അപേക്ഷകളിൽ വിശദമായ പരിശോധന നടത്തുകയും ആവശ്യമായ നിബന്ധനകൾ |

എന്തെല്ലാമാണ്;

ഉൾപ്പെടുത്തുകയും ചെയ്യുന്നു. അതിലൂടെ വികസന പ്രവർത്തനങ്ങളുടെ ഫലമായി ഉണ്ടാകാനിടയുള്ള പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ പരമാവധി ലഘൂകരിക്കുന്നതിന് കഴിയുന്നു.

(സി) ആവാസ വ്യവസ്ഥയുടെ നില നിൽപ്പും അതോടൊപ്പം സാമൂഹിക വികസനവും ലക്ഷ്യമാക്കി സമൂഹത്തിന്റെ പാരിസ്ഥിതികാവബോധം വളർത്താൻ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

(സി) 'പരിസ്ഥിതി അവബോധനവും പ്രോത്സാഹനവും' എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി പരിസ്ഥിതി സംബന്ധിയായ വിവിധ അവബോധ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. പരിസ്ഥിതി അവബോധ പദ്ധതികൾക്കും കർമ്മ പരിപാടികൾക്കും ഒരു പോലെ പ്രാധാന്യം നൽകുന്ന പാരിസ്ഥിതികം എന്ന പദ്ധതി ഓരോ വർഷവും ഓരോരോ പ്രമേയത്തിലധിഷ്ഠിതമായി സർക്കാർ, സർക്കാരേതര ഏജൻസികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അംഗീകൃത സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ നടത്തി വരുന്നു. സംസ്ഥാന വ്യാപകമായി സെമിനാറുകളും, സിംപോസിയങ്ങളും, ശില്പശാലകളും, സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ 378 ഹയർസെക്കണ്ടറി സ്കൂൾ/ കോളേജ് തലത്തിൽ പ്രവർത്തിച്ചു വരുന്ന ഭൂമിത്രസേന ക്ലബുകൾ മുഖേനയും അവബോധന പരിപാടികൾ സംഘടിപ്പിക്കുന്നതിനുപുറമേ എല്ലാ അന്താരാഷ്ട്ര പ്രാധാന്യമുള്ള പരിസ്ഥിതി ദിനങ്ങളും ആചരിച്ച് അവയുടെ പ്രാധാന്യത്തെ

സംബന്ധിച്ച് ബോധവൽക്കരണവും നടത്തുന്നുണ്ട്. കാലാവസ്ഥാവ്യതിയാന പഠന കേന്ദ്രം "Climate Change and Disaster Risk Reduction" എന്ന പദ്ധതിയിലൂടെ 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും സന്നദ്ധ ആരോഗ്യ പ്രവർത്തകർക്കും പഞ്ചായത്ത് ജീവനക്കാർക്കും ജന-പ്രതിനിധികൾക്കും കാലാവസ്ഥാ വ്യതിയാനത്തെ സംബന്ധിച്ചും ദുരന്ത നിവാരണ മാർഗ്ഗങ്ങളെയും കുറിച്ച് അവബോധ ക്ലാസുകൾ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ